(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

വന്ധ്യതാ ചികിത്സാ കേന്ദ്രങ്ങൾ

*3 [276] ശ്രീ. പി. ടി തോമസ്:
പ്രൊഫ. സാവിത്രി ലക്ഷ്മണൻ:
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:
" എൻ. ഡി. അപ്പച്ചൻ:
" ലൂഡി ലൂയിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്ധ്യതാ ചികിത്സയുമായി ബന്ധപ്പെട്ട അസിസ്റ്റഡ് റീപ്രൊഡക്ടീവ് ടെക്നോളജിയും പുരുഷ വന്ധ്യതാ പ്രകരണമായ ആൻഡ്രോളജിയും മോഡേൺ മെഡിസിനിൽ പാഠ്യവിഷയമായി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഈ വിദ്യ പഠിക്കാത്തവർ വന്ധ്യതാ ചികിത്സ നടത്തുന്നുണ്ടോ;

(സി) നിലവിലുള്ള വന്ധ്യതാ ചികിത്സാമൂലം ധാരാളം പേർ വഞ്ചിതരായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളെടുത്തു എന്ന് വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്തെ വന്ധ്യതാ ചികിത്സാ കേന്ദ്രങ്ങളെക്കുറിച്ച് അന്വേഷണം നടത്തുവാൻ നടപടി സ്വീകരിക്കുമോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ) ഇത് ഒരു പ്രത്യേക പാഠ്യ വിഷയമായി സ്വീകരിച്ചിട്ടില്ല. എന്നാൽ ഒ ആന്റ് ജി വിഭാഗത്തിൽ അസിസ്റ്റഡ് റീപ്രൊഡക്ടീവ് ടെക്നോളജിയും പുരുഷവന്ധ്യതാ പ്രകരണമായ ആൻഡ്രോളജിയും പഠിപ്പിക്കുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) വന്ധ്യതാ ചികിത്സയുമായി ബന്ധപ്പെട്ട് ചില പരാതികൾ സർക്കാരിൽ ലഭിച്ചിട്ടുണ്ട്.

(ഡി) ഈ പരാതികൾ പരിശോധിച്ചു വരികയാണ്.

(ഇ) സ്വകാര്യ ആശുപ്രതികളുടെ മേൽ ഇപ്പോൾ സർക്കാരിന് കാര്യമായ നിയന്ത്രണങ്ങൾ ഒന്നുമില്ല. എങ്കിലും, ഇത്തരം പരാതികൾ ഉയർന്നുവന്ന സാഹചര്യത്തിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിക്കണമെന്ന് ഗവൺമെന്റ് പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly